# കേരള സർക്കാർ

നം.12923 /ഡി.എ2/2008/തസ്വഭവ

**തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**
തിരുവനന്തപുരം, തീയതി: 18-03-2009

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ഭക്ഷ്യധാന്യ വിതരണ പ്രോജക്ടുകൾ- സ്പഷ്ടീകരണം സംബന്ധിച്ച്

സൂചന:- 1) സ.ഉ.(എം.എസ്) നം.128/2008/തസ്വഭവ; തീയതി 14.05.2007
2) സർക്കുലർ നം. 71413/ഡി.ബി.2/08/തസ്വഭവ; തീയതി 10.11.2008
3) സർക്കുലർ നം. 4466/ഡി.ബി.2/09/തസ്വഭവ; തീയതി 02.02.2009
4) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 17.02.2009-ലെ യോഗ തീരുമാനം (ഇനം.2.21)

പതിനൊന്നാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിന് സൂചന ഒന്ന് മുഖേന പുറപ്പെടുവിച്ച മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചില തദ്ദേശഭരണ സ്ഥാപനങ്ങൾ 2008-09 വാർഷിക പദ്ധതിയിൽ ഭക്ഷ്യധാന്യ വിതരണ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് സംയോജിത ശിശുവികസന പരിപാടിയുടെ (ഐ.സി.ഡി.എസ്) ഭാഗമായുള്ള പോഷകാഹാര പ്രോജക്ടുകളും ആശ്രയ-അഗതി കുടുംബങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിതരണ പ്രോജക്ടുകളും ഒഴികെ വികസന ഫണ്ട്/തനത്ഫണ്ട് വിനിയോഗിച്ച് ഭക്ഷ്യധാന്യം, പോഷകാഹാരം, ഭക്ഷണം മുതലായവ വിതരണം ചെയ്യുന്നതിനുള്ള മറ്റു പ്രോജക്ടുകൾ നടപ്പാക്കാൻ പാടില്ലെന്ന് സൂചന രണ്ട് പ്രകാരം സർക്കാർ വ്യക്തമാക്കിയിരുന്നു. 2008-09 വാർഷിക പദ്ധതിയിൽ അത്തരം പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ അവ ഉപേക്ഷിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു. മുകളിൽ സൂചിപ്പിച്ച രണ്ട് പരിപാടികൾ കൂടാതെ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളുടെ/നഗരസഭകളുടെ സഹകരണത്തോടെ പ്രവർത്തിച്ചു വരുന്ന ബഡ്സ് സകൂളുകളിലെ കുട്ടികൾക്കും കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി കണ്ടെത്തിയ എയ്ഡ്സ് രോഗികൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുവാൻ സൂചന മൂന്ന് പ്രകാരം ഗ്രമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങൾ കൂടാതെ മറ്റ് ചില വിഭാഗങ്ങൾക്ക് കൂടി ഭക്ഷ്യധാന്യം, പോഷകാഹാരം, ഭക്ഷണം മുതലായവ വിതരണം ചെയ്യുവാൻ 2008-09 വാർഷിക പദ്ധതി ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത പ്രോജക്ടുകൾ ഇതിനകം നടപ്പാക്കിക്കഴിഞ്ഞതിനാൽ പ്രസ്തുത നടപടിക്ക് സാധൂകരണം നൽകണമെന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിച്ച് ചുവടെ പ്രതിപാദിക്കുന്ന സ്പഷ്ടീകരണം നൽകുന്നു.

സംയോജിത ശിശുവികസന പരിപാടിയുടെ ഭാഗമായുള്ള പോഷകാഹാര വിതരണം, ആശ്രയ-അഗതി കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യം, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളുടെ/നഗരസഭകളുടെ സഹകരണത്തോടെ പ്രവർത്തിച്ചു വരുന്ന ബഡ്സ് സ്കൂളുകളിലെ കുട്ടികൾക്ക് പോഷകാഹാരം, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി കണ്ടെത്തിയ എയ്ഡ്സ് രോഗികൾക്ക്

പോഷകാഹാരം എന്നിവ ഒഴികെ മറ്റ് വിഭാഗം ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യം, പോഷകാഹാരം, ഭക്ഷണം മുതലായവ വിതരണം ചെയ്യുവാൻ 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളുടെ, സൂചന രണ്ട് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച 10.11.2008 വരെയുള്ള ചെലവുകൾക്ക് സാധൂകരണം നൽകുന്നു.

**എസ്.എം.വിജയാനന്ദ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

1 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9 പഞ്ചായത്ത് ഡയറക്ടർ
10 ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
11 നഗരകാര്യ ഡയറക്ടർ
12 മുഖ്യ നഗരാസൂത്രകൻ
13 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
19 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
20 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
21 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
22 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
23 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
24 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
25 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
26 സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
27 സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
28 സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
29 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
30 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ